**കളിമറന്ന ക്രിക്കറ്റിന് ഐ.പി.എൽ പോലെയുള്ള കച്ചവടരൂപത്തിൽ നിലനിൽപ്പില്ലെന്നും രാഷ്ട്രീയ–മാഫിയ–മാധ്യമ കൂട്ടുകെട്ടിന് കള്ളപണക്കളികൾ നടത്താനുള്ള മറയാണ് ഈ കാർണിവലെന്നും**

**എസ്. ശരത്**


# ഇനി നമുക്ക് കൂട്ടത്തോടെ ഐ.പി.എൽ കാണാം

**ഈ** കളിക്ക് പിൽക്കാലത്ത് ഇത്രയേറെ കാണികളുണ്ടാകുമെന്ന് കളികണ്ടുപിടിച്ച ഇംഗ്ലീഷുകാർ ഒരിക്കലും കരുതിയിട്ടുണ്ടാകില്ല. പച്ചവിരിച്ച പുൽമൈതാനങ്ങൾ പണക്കളിയുടെ കളിക്കളങ്ങളാകുമെന്ന് വെള്ളക്കാർ സ്വപ്നത്തിൽ പോലും ചിന്തിച്ചിരിക്കില്ല. ലൈവ് സംപ്രേഷണമെന്ന ദൃശ്യമാധ്യമ വിപ്ലവം അഞ്ച് ദിവസം നീണ്ട വിരസമായ ഈ കളിയെ ഇത്രഹൃദ്യമായി ലോകത്തിന് മുന്നിൽ പകർത്തിവയ്ക്കുമെന്ന് 30 വർഷം മുമ്പ് ഒരു കാഴ്ചക്കാരനും ആലോചിക്കാനിടയില്ല. അതാണ് ക്രിക്കറ്റ്, 'സാധ്യത' കളുടെ കളി. ആരാണ് ഇത്രയേറെ സാധ്യതകൾ ക്രിക്കറ്റിൽ കണ്ടെത്തിയത്? കളിക്കാരോ കാണികളോ? ഈ രണ്ട് കൂട്ടരിൽ ആരുമല്ല എന്നതാണ് ഈ കളി തീക്കളിയായി മാറാൻ കാരണം. വിപണിയും മൂലധനതാത്പര്യങ്ങളും ക്രിക്കറ്റിൽ സാധ്യതകൾ തിരയാൻ തുടങ്ങിയതോടെ കളിക്ക് കാർണിവലായി മാറാതെ മറ്റ് മാർഗ്ഗങ്ങളില്ലല്ലോ? ക്രിക്കറ്റ് എത്തിനിൽക്കുന്ന ഈ പ്രതിസന്ധിയുടെ മൂർത്തരൂപമാണ് ഐ.പി.എൽ. ജനപ്രിയവും ജനപ്രിയമാകാൻ സാധ്യതയുള്ളതുമായ എന്തിനേയും തങ്ങളുടെ താത്പര്യങ്ങൾക്കനുസരിച്ച് ചലിക്കുന്നതാക്കി മാറ്റനുള്ള വിപണിയുടെ തന്ത്രത്തിന് മുന്നിൽ ക്രിക്കറ്റ് അവസാന ആയുധവും വച്ച് കീഴടങ്ങിയതോടെയാണ് ഐ.പി.എൽ പിറവിയെടുക്കുന്നത്. ഐ.പി.എൽ കാർണിവലിന് പാകമായ കാഴ്ചക്കാരെ സ്വരൂപിച്ചെടുക്കാൻ വിപണി-രാഷ്ട്രീയ-മാധ്യമ കൂട്ടുകെട്ട് നടത്തുന്ന ശ്രമങ്ങൾ സൗകര്യപൂർവ്വം കണ്ടില്ലെന്ന് നടിക്കുകയും അശ്രദ്ധയോടെ ഒഴിവാക്കുകയും ചെയ്യുന്ന സമൂഹം ചില കാര്യങ്ങൾകൂടി ഓർക്കേണ്ടതുണ്ട്.

**ക്രിക്കറ്റിന്റെ ദൃശ്യമാധ്യമ കമ്പോള ചരിത്രം**

കോളനികളിലെല്ലാം ചില കൊളോണിയൽ ശീലങ്ങൾ അവശേഷിപ്പിച്ചുപോയ വെള്ളക്കാർ ക്രിക്കറ്റിന്റെ വിത്തിനെ സുരക്ഷിതമായി പാകിയശേഷമാണ് ഇന്ത്യയിൽ നിന്നും മടങ്ങിയത്. സ്വാതന്ത്ര്യത്തിന് ശേഷം മൻസൂർ അലിഖാൻ പട്ടൗഡിയും ലാലാ അമർനാഥുമെല്ലാം ഇന്ത്യൻ ടീമിന്റെ പേരിൽ കളിച്ചു തുടങ്ങിയ

കളി നഗരവാസികളുടെ ഇടയിൽ നിന്നും ദേശീയ വികാരമുള്ള വിനോദമായിത്തീരുന്നത് 1983ൽ കപിൽദേവ് നയിച്ച ടീം ലോക കപ്പ് ഉയർത്തിയ ശേഷമാണ്. 83ൽ കപിലിന്റെ ചെകുത്താൻമാർ ഉയർത്തിയ കപ്പിൽ നിന്നും 2011ൽ ധോണിയുടെ ചെറുപ്പക്കാർ ഉയർത്തിയ കപ്പിലേക്ക് ഇന്ത്യൻ ക്രിക്കറ്റ് സഞ്ചരിച്ചെത്തിയ ദൂരം സംഭവബഹുലമായിരുന്നു. 1983 ന് ശേഷം ഓരോ വർഷവും ക്രിക്കറ്റിന് ആരാധാകർ പെരുകിക്കൊണ്ടേയിരുന്നു. (2011ലെ ലോകകപ്പ് ഫൈനലിൽ ഇന്ത്യ കളിക്കാനിറങ്ങുന്ന ദിവസം 121 കോടി ജനങ്ങൾ ഇന്ത്യയുടെ വിജയത്തിനായി കാത്തിരിക്കുന്നു എന്നാണ് പത്രങ്ങൾ എഴുതിയത്. പുതിയ ജനസംഖ്യ കണക്കെടുപ്പ് പ്രകാരം 121 കോടി ജനങ്ങൾ ഇന്ത്യയിലുണ്ടെന്ന കണക്ക് പുറത്ത് വന്നത് ഫൈനലിന് രണ്ട് ദിവസം മുമ്പാണ്. പിന്നെ എന്തെങ്കിലും ചിന്തിക്കാനുണ്ടോ, 121 കോടി ഹൃദയങ്ങൾ ക്രിക്കറ്റ് ജയിക്കാൻ കാത്തിരിക്കുന്നു എന്ന് അടിച്ചു വിടുകതന്നെ! ആരും എണ്ണി നോക്കാൻ പുറപ്പെടില്ലല്ലോ.)



ക്രിക്കറ്റിനെ ഇത്രയേറെ ജനപ്രിയമാക്കിയതിന് പിന്നിലെ മുഖ്യസൂത്രധാരൻ ലൈവ് സംപ്രേഷണമാണ്. ഡിജിറ്റൽയുഗം ദൃശ്യമാധ്യമങ്ങൾക്ക് നൽകിയ സാധ്യതകൾ നന്നായി ഉപയോഗപ്പെടുത്താൻ കഴിയുന്ന തരത്തിലുള്ള ക്രിക്കറ്റിന്റെ ദൃശ്യഭാഷ ക്യാമറയ്ക്ക് മുന്നിൽ ത്രസിപ്പിക്കുന്ന കാഴ്ചകളൊരുക്കി. ലൈവ് സംപ്രേഷണങ്ങളിലൂടെ ക്രിക്കറ്റ് പഠിച്ചെടുത്ത തലമുറ കളിയുടെ പ്രചാരകരായി മാറി. ക്രിക്കറ്റിന്റെ  അടിസ്ഥാന സ്വഭാവം മാറിയില്ലെങ്കിലും കളിക്കുന്ന രീതികളിലെ പരമ്പരാഗത ശൈലികൾ മാറിമറിഞ്ഞു. വൺഡേ ക്രിക്കറ്റ് സജീവമായ ശേഷം കളികാണുന്നതിനായി ടെലിവിഷന് മുന്നിലെത്തുന്ന കാണികളെ ദൃശ്യശബ്ദ ചേരുവകൾ സമർത്ഥമായി ഉപയോഗിച്ച് ലൈവ് സംപ്രേഷണങ്ങൾ പിടിച്ചിരുത്തി. ക്രിക്കറ്റ് ആകർഷണീയമായ ഒരു ലൈവ് കാഴ്ചയാക്കി മാറ്റുന്നതിനായി നിംബസ് കമ്മ്യൂണിക്കേഷൻസ് നിർമ്മിച്ചെടുത്ത ദൃശ്യഭാഷ ലൈവ് സംപ്രേഷണങ്ങളുടെ ചരിത്രം തന്നെ തിരുത്തിയെഴുതി.

എന്നാൽ ആസ്വാദകരെ കളികാണിച്ച് തൃപ്തിപ്പെടുത്താൻ മാത്രമായിരുന്നില്ല എല്ലാപരിപാടികളും മാറ്റിവച്ച് ചാനലുകൾ ക്രിക്കറ്റ് കാണിച്ചിരുന്നത് എന്ന വസ്തുതയാണ് കളി കാര്യമാക്കുന്നത്. സാമ്പത്തിക രംഗത്ത് ഉദാരീകരണം വരുകയും ആഗോളവിപണി തുറക്കപ്പെടുകയും ചെയ്ത 1990ൽ തന്നെയാണ് ക്രിക്കറ്റിന്റെ ലൈവ് സംപ്രേഷണം ഇന്ത്യയിൽ സജീവമാകുന്നത് എന്നത് ഒരു യാദൃശ്ചികതയാകാം. എന്നാൽ ഈ തുറന്ന വിപണിയാണ് ക്രിക്കറ്റ് ലൈവ് സംപ്രേക്ഷണത്തെ തുടർന്ന് നയിച്ചതും നിയന്ത്രിച്ചതും എന്നത് ഒരു യാഥാർത്ഥ്യമാണ്. ജനപ്രിയമാകാനുള്ള ക്രിക്കറ്റിന്റെ ദൃശ്യഭാഷയെ വിപണി കൃത്യമായി അപഹരിച്ചു. എൽ.ബി.ഡബ്ള്യു തീരുമാനം പോലും  അംപയറിനേക്കാൾ കൃത്യമായി പറയാൻ ദൃശ്യങ്ങളിലൂടെ പഠിച്ച കാണിയിലേക്ക് വിപണി നുഴഞ്ഞു കയറി. പരസ്യത്തിന് ഇത്രയേറെ സമയം അനുവദിക്കുന്ന കളി വേറെയില്ല. ഒരോവറിൽ നിന്നും അടുത്ത ഓവറിലേക്ക് മാറുന്ന ഇടവേളകൾ പരസ്യങ്ങളുടെ ആഘോഷവേളകളായി മാറി. കളിക്കളത്തിലെ താരങ്ങൾ ഇടവേളകളിലെ പരസ്യങ്ങളിലും താരങ്ങളായെത്തി. സിനിമയും സീരിയലും സൃഷ്ടിച്ചതിനേക്കാൾ മികച്ച ഉപഭോഗഇടം നിർമ്മിച്ചെടുക്കാൻ ക്രിക്കറ്റിന് കഴിഞ്ഞു. കളിയുടെ തുടർച്ചയായ ലൈവ് സംപ്രേക്ഷണങ്ങളിലൂടെ ഇന്ത്യയുടെ സ്വന്തം പബ്ലിക് ബ്രോഡ്കാസ്റ്റിംഗ് ചാനലായ ദൂരദർശൻ ഈ ഉപഭോഗഇടത്തിനെ പരമാവധി താലോലിച്ചു. സിനിമയും സീരിയലുമൊന്നും കാണാനില്ലാതായതോടെ സച്ചിൻ തെണ്ടുൽക്കറും വീട്ടമ്മമാരുടെ ഹൃദയത്തിൽ ഇടംനേടി തുടങ്ങി. ദൃശ്യമാധ്യമ രംഗത്തേക്ക് വൈവിധ്യങ്ങളുമായി സ്വകാര്യ ചാനലുകൾ എത്തിയപ്പോഴേക്കും ഏത് പരിപാടിയും മാറ്റിവച്ച് ക്രിക്കറ്റ് കാണുന്ന കാണികളെ സൃഷ്ടിച്ചെടുക്കുന്നതിൽ വിപണി വിജയിച്ചു കഴിഞ്ഞിരുന്നു.


**ക്രിക്കറ്റ്, കൊക്കക്കോള, പ്ലാച്ചിമട**

1996ലെ ലോകകപ്പ് സെമിഫൈനലിൽ ശ്രീലങ്കയോട് നാണംകെട്ട തോൽവി വഴങ്ങി ഇന്ത്യപുറത്തായ കഥ ആരാധകർ വളരെ വേഗം മറന്നു. എന്നാൽ 96 വേൾഡ് കപ്പ് സംപ്രേക്ഷണത്തിലുടെ നീളം മുഴങ്ങിനിന്ന eat cricket, sleep cricket, drink cocacola എന്ന പരസ്യവാചകം കളികാണാനിരുന്നവരുടെ ഉള്ളിൽ നിന്നും അത്രവേഗം പടിയിറങ്ങിയില്ല. കൊക്കക്കോളയും പെപ്സിയും അടങ്ങുന്ന ശീതളപാനീയ വിപണി ഇന്ത്യയിൽ ശക്തമാകുന്നത് 96 ലോകകപ്പിന് ശേഷമാണ്. ഇന്ത്യക്കാരുടെ ദൈനംദിന ശീലങ്ങളിലൊന്നായി കോളയെ മാറ്റിത്തീർക്കാൻ ലേകകപ്പ് സംപ്രേക്ഷണത്തിനിടയിലുള്ള  പരസ്യങ്ങളിലൂടെ സർവ്വകളിക്കാരും  കഠിനമായി പരിശ്രമിച്ചു. പ്ലാച്ചിമടയുൾപ്പെടെ ഇന്ത്യയിൽ പല സ്ഥലത്തും കോള പ്ലാന്റുകൾ തുടങ്ങുന്നതും ഇതേ സമയത്താണ്. മൾട്ടിനാഷണൽ കോർപ്പറേഷനുകൾ എന്ന് പറഞ്ഞാൽ ചില്ലറക്കാരല്ലെന്ന് മനസ്സിലായില്ലേ?

**ക്രിക്കറ്റ്, രാഷ്ട്രീയം, ബിസിനസ്**

ക്രിക്കറ്റിൽ വിപണി നടത്തിയിരുന്ന ഇടപെടലുകളുടെ ഇടനിലക്കാരായിരുന്ന രാഷ്ട്രീയക്കാരും ബിസിനസ് ഭീമന്മാരും 1996ലെ ലോകകപ്പിന് ശേഷം സൈഡ്ബഞ്ച് ഉപേക്ഷിച്ച് കളത്തിലിറങ്ങി കളിക്കാൻ തുടങ്ങി. ഇന്ത്യൻ ക്രിക്കറ്റിനെ നിയന്ത്രിക്കുന്ന ബി.സി.സി.ഐ (ബോർഡ് ഓഫ് ക്രിക്കറ്റ് കൺട്രോൾ ഇൻ ഇന്ത്യ)യുടെ അധ്യക്ഷനായി കേന്ദ്ര കൃഷിവകുപ്പ് മന്ത്രി തന്നെ എത്തുന്നതിലേക്ക് കാര്യങ്ങൾ നീങ്ങി. കൃഷിയും ക്രിക്കറ്റും തമ്മിൽ എന്ത് ബന്ധം എന്ന് ചോദ്യമില്ല (കൃഷിയും എൻഡോസൾഫാനും തമ്മിൽ അഭേദ്യമായ ബന്ധമുണ്ടെന്നാണ് മന്ത്രി പറയുന്നത്!).

പണംകൊണ്ടുള്ള കളികൾ ക്രിക്കറ്റിൽ തുടങ്ങിയ കാലത്ത് തന്നെ വാതുവയ്പ്പിന്റെയും ക്രിക്കറ്റ് കളിക്കാരുടെ കോർപ്പറേറ്റ് ബന്ധങ്ങളുടെയും നിരവധി വാർത്തകൾ പുറത്ത് വന്നിരുന്നു. ഇന്ത്യൻ ക്യാപ്റ്റൻ മുഹമ്മദ് അസറുദ്ദീൻ വരെ ഉൾപ്പെട്ട വാതുവയ്പ്പ് ആരോപണങ്ങൾ ഇന്ത്യൻ ക്രിക്കറ്റിന്റെ മാനം കെടുത്തി. അസറുദ്ദീൻ മാനസാന്തരപ്പെട്ട് കോൺഗ്രസിൽ ചേർന്നു. എന്നിട്ടും ക്രിക്കറ്റിനെ ശുദ്ധീകരിച്ചെടുത്ത് ആരാധക ഹൃദയത്തിൽ അതിനുള്ള ഇടം നിലനിർത്തുന്നതിൽ വിപണി വിജയിച്ചു. പരമാവധി വാർത്തകൾ തമസ്കരിച്ചും വളച്ചൊടിച്ചും മാധ്യമങ്ങളും ഒപ്പം ചേർന്നു. ക്രിക്കറ്റിലേക്കുള്ള രാഷ്ട്രീയ ഇടപെടലുകളുടെയും പണത്തിന്റെയും ഒഴുക്ക് മാധ്യമങ്ങൾ കണ്ടില്ലെന്ന് നടിച്ചു. ഉയർന്ന സാമ്പത്തിക ശേഷിയുള്ള ഇന്ത്യയിലെ പബ്ളിക് സെക്ടർ കമ്പനികളിലൊന്നായി ബി.സി.സി.ഐ മാറി. സമ്പത്തും രാഷ്ട്രീയവും ബോളിവുഡുമെല്ലാം സമ്മേളിക്കുന്ന അരങ്ങായി ക്രിക്കറ്റും മാറി. വലിയ സ്പോൺസർമാർ അന്താരാഷ്ട്ര വൺഡേമാച്ചുകൾ സ്പോൺസർ ചെയ്യാൻ തുടങ്ങി. കളികളുടെ എണ്ണവും ലൈവ് സംപ്രേക്ഷണവും കൂടി. ചുരുങ്ങിയ കാലത്തിനുള്ളിൽ ക്രിക്കറ്റ് വിപണി ഇന്ത്യൻ മാർക്കറ്റിൽ അഗ്രഗണ്യ സ്ഥാനം നേടിയെങ്കിലും കളികൈയ്യടക്കാനിറങ്ങിയ പണംമുടക്കികൾക്ക് അതുകൊണ്ടൊന്നും മതിയായില്ല. ഐ.പി.എൽ പോലെയുള്ള കച്ചവടങ്ങളിലേക്ക്



**യൂറോപ്യൻ ചാംപ്യൻഷിപ്പ് ലീഗ് ഫുട്ബോളിൽ മാത്രം കേട്ടു പരിചയിച്ച കോടികളുടെ ലേലം വിളികൾ ഐ.പി.എല്ലിലൂടെ ഇന്ത്യാക്കാർക്കും സുപരിചിതമായി. മാധ്യമങ്ങൾക്ക് ആനന്ദിക്കാൻ നിറമുള്ള വിഭവങ്ങൾ കുന്നോളം നിറഞ്ഞു. അല്ലെങ്കിലും മാധ്യമങ്ങൾക്ക് എങ്ങനെ ഐ.പി.എല്ലിനെ എങ്ങിനെ തഴയാൻ കഴിയും, കോടികളുടെ ഒരു പങ്ക് തങ്ങൾക്കും കിട്ടുന്നല്ലേ!.. വമ്പൻ പത്രമുതലാളിമാർക്കും പത്രസ്ഥാപനങ്ങൾക്കും ഐ.പി.എൽ ടീമുകളിൽ നിക്ഷേപം കൂടിയുള്ളപ്പോൾ ഐ.പി.എൽ ഒന്നാം പേജിലെ ലീഡ് വാർത്തയായി വരാതിരുന്നാൽ മാത്രമേ അത്ഭുതമുള്ളൂ**

ആലോചനകൾ നീളുന്നത് അവിടെ നിന്നുമാണ്.

**രക്തസാക്ഷിയായ ഐ.സി.എൽ**

ഐ.പി.എല്ലിന്റെ തുടക്കക്കാരൻ സുഭാഷ് ചന്ദ്രയുടെ ഐ.സി.എൽ (ഇന്ത്യൻ ക്രിക്കറ്റ് ലീഗ്) ആയിരുന്നു. 2006ലെ ഐ.സി.സി ചാംപ്യൻഷിപ്പ് ട്രോഫി ക്രിക്കറ്റ് മത്സരം തന്റെ ചാനലിൽ സംപ്രേക്ഷണം ചെയ്യാനുള്ള അനുമതി നിഷേധിച്ചതിനെ തുടർന്നാണ് സീ ടി.വിയുടെ ഉടമസ്ഥനായ സുഭാഷ് ചന്ദ്ര ബി.സി.സി.ഐയ്ക്ക് ബദലായി ക്രിക്കറ്റ് മത്സരം നടത്താൻ കഴിയുമോ എന്ന് ആലോചിച്ച് തുടങ്ങിയത്. 1977 കെറി പാക്കർ ആസ്ട്രേലിയയിൽ നടത്തിയ വേൾഡ് സീരീസ് ക്രിക്കറ്റ് മത്സരമാണ് സുഭാഷ് ചന്ദ്രയ്ക്ക് പ്രചോദനമായത്. 1976ൽ നടന്ന ആസ്ട്രേലിയയുടെ ഒരു ടെസ്റ്റ് മാച്ച് സംപ്രേക്ഷണം ചെയ്യുന്നതിനുള്ള അനുമതി കെറി പാക്കറുടെ ചാനൽ നയനിന് ആസ്ട്രേലിയൻ ബ്രോഡ്കാസ്റ്റിംഗ് കോർപ്പറേഷൻ നിഷേധിച്ചു. തുടർന്ന് മറ്റ് രാജ്യങ്ങളിൽ നിന്നുള്ള കളിക്കാരെ ഉൾപ്പെടുത്തി വേൾഡ് സീരീസ് എന്ന പേരിൽ പാക്കർ സ്വന്തമായി ക്രിക്കറ്റ് മത്സരം നടത്തി. വേൾഡ് സീരീസും ചാനൽ നയനിലൂടെയുള്ള അതിന്റെ സംപ്രേക്ഷണവും വൻവിജയമായിത്തീർന്നു. വൺഡേ ക്രിക്കറ്റും, ഡേ ആന്റ് നൈറ്റ് മാച്ചുകളുമൊക്കെ മാതൃകകൾ സ്വീകരിച്ചത് കെറിപാക്കറുടെ വേൾഡ് സീരീസിൽ നിന്നാണ്. ട്വന്റി ട്വന്റി ക്രിക്കറ്റിൽ അത്തരമൊരു മാതൃകയാകാമെന്ന സുഭാഷ് ചന്ദ്രയുടെ ആഗ്രഹം ബി.സി.സി.ഐ തകർത്തു. ഐ.സി.എല്ലുമായി കരാർ ഒപ്പിടുന്നതിൽ നിന്നും ബി.സി.സി.ഐ ഇന്ത്യൻ കളിക്കാരെ വിലക്കി. സമ്മർദ്ദത്തെ തുടർന്ന പല വിദേശകളിക്കാരും പിൻവലിഞ്ഞു. പല രാഷ്ട്രീയകളികളും നടത്തി ഐ.സി.എൽ മുന്നോട്ട് കൊണ്ടുപോകാൻ

സുഭാഷ് ചന്ദ്ര ശ്രമിച്ചെങ്കിലും താരമൂല്യമുള്ള കളിക്കാരില്ലാത്തതിനാൽ ഐ.സി.എൽ മരണാവസ്ഥയിലായി.

**ഐ.പി.എൽ കളികൾ**

ബി.സി.സി.ഐ കളികൾ അവിടെ അവസാനിപ്പിച്ചില്ല. സുഭാഷ് ചന്ദ്രയുടെ ആശയുമായി മുന്നോട്ട് പോയാൽ ഉണ്ടാകുന്ന വൻ സാമ്പത്തിക സാധ്യതകൾ ശരദ് പവാറിനെ ഉണർത്തി. ബി.സി.സി.ഐയുടെ നേതൃത്വത്തിൽ ഔദ്യോഗിക ടിന്റി ട്വന്റി ലീഗ് 2008 ഏപ്രിലിൽ ആരംഭിച്ചു. ശരദ് പവാറിന് കൂട്ടായി ലളിത് മോഡി എന്ന സൂത്രധാരൻ കൂടി എത്തിയതോടെ ഐ.പി.എൽ കുതിപ്പ് തുടങ്ങി. ദേശീയ-അന്തർദേശീയ ബിസിനസ് സംരംഭകർ ഐ.പി.എല്ലിൽ നിക്ഷേപിച്ചു തുടങ്ങി. ഇന്ത്യയിലെ വമ്പൻ മുതലാളിമാരും ബോളിവുഡ് താരങ്ങളുമെല്ലാം സ്വന്തമായി ഐ.പി.എൽ ടീം തുടങ്ങി. മുകേഷ് അംബാനിയും വിജയ്മല്ല്യയും താരമൂല്യമുള്ള കളിക്കാർക്കായി കോടികൾ ഒഴുക്കി. യൂറോപ്യൻ ചാംപ്യൻഷിപ്പ് ലീഗ് ഫുട്ബോളിൽ മാത്രം കേട്ടു പരിചയിച്ച കോടികളുടെ ലേലം വിളികൾ ഐ.പി.എല്ലിലൂടെ ഇന്ത്യാക്കാർക്കും സുപരിചിതമായി. മാധ്യമങ്ങൾക്ക് ആനന്ദിക്കാൻ നിറമുള്ള വിഭവങ്ങൾ കുന്നോളം നിറഞ്ഞു. അല്ലെങ്കിലും മാധ്യമങ്ങൾക്ക് എങ്ങനെ ഐ.പി.എല്ലിനെ എങ്ങിനെ തഴയാൻ കഴിയും, കോടികളുടെ ഒരു പങ്ക് തങ്ങൾക്കും കിട്ടുന്നല്ലേ!.. വമ്പൻ പത്രമുതലാളിമാർക്കും പത്രസ്ഥാപനങ്ങൾക്കും ഐ.പി.എൽ ടീമുകളിൽ നിക്ഷേപം കൂടിയുള്ളപ്പോൾ ഐ.പി.എൽ ഒന്നാം പേജിലെ ലീഡ് വാർത്തയായി വരാതിരുന്നാൽ മാത്രമേ അത്ഭുതമുള്ളൂ.

മലയാള പത്രങ്ങൾ പോലും ഐ.പി.എൽ മത്സരങ്ങളുടെ ഭാഗമായെത്തിയ ചിയർ ഗേൾസിന് തുണി കുറഞ്ഞ് പോയതിൽ മാത്രമാണ് ധാർമ്മിക രോഷം കൊണ്ടത് (ചിയർഗേൾസിന്റെ തുണിയില്ലാത്ത വലിയ പടം കൊടുത്തിട്ട് അയ്യേ, നാണക്കേട് എന്ന് ക്യാപ്ഷനെഴുതുന്ന 'ധാർമ്മികത'). ഐ.പി.എല്ലുണ്ടാക്കുന്ന സാമ്പത്തിക, സാമൂഹിക വശങ്ങൾ പത്രങ്ങൾ ബോധപൂർവ്വം മറന്നു.

രണ്ടാം സീസണിൽ ഐ.പി.എൽ ചെയർമാൻ ലളിത് മോഡിക്കെതിരെ അഴിമതി ആരോപണങ്ങളും വാതുവയ്പ്പ് ആരോപണങ്ങളും പുറത്ത് വന്നപ്പോൾ മാത്രമാണ് ഐ.പി.എല്ലിനെ വേദനിപ്പിക്കുന്ന വാർത്തകൾക്ക് പത്രത്താളുകളിൽ ഇടം കിട്ടിയത്. അതിനൊന്നും അധികം ആയുസുണ്ടായില്ല. ഐ.പി.എൽ മാച്ചുകളുടെ ദൃശ്യങ്ങൾ വാർത്തകളിൽ ഉപയോഗിക്കുന്നതിൽ ബി.സി.സി.ഐ ചില വിലക്കുകളും മാനദണ്ഡങ്ങളും കൊണ്ടുവന്നപ്പോൾ ജേർണലിസത്തിൽ നിന്നും ധാർമ്മികത നഷ്ടമാകാതിരിക്കാൻ രൂപീകരിച്ച എഡിറ്റേഴ്സ് ഗിൽഡ് ഉൾപ്പെടെ പ്രതികരിക്കുകയും ഐ.പി.എൽ ബഹിഷ്കരിക്കുമെന്ന് ഭീഷണിപ്പെടുത്തുകയും ചെയ്തിരുന്നു. ആവശ്യങ്ങളെല്ലാം ബി.സി.സി.ഐ അംഗീകരിച്ചില്ലെങ്കിലും മത്സരം തുടങ്ങിയതോടെ പ്രതിഷേധമെല്ലാം മറന്ന് മാധ്യമങ്ങൾ ഐ.പി.എല്ലിന് അകമ്പടിയേകി. ക്രിക്കറ്റ് കമ്പക്കാർക്ക് വാർത്തയെത്തിക്കാൻ വേണ്ടിയായിരുന്നില്ല ഈ ചുവടുമാറ്റമെന്ന് ഐ.പി.എൽ പരസ്യങ്ങൾ ഒഴുതിയെത്തിയപ്പോഴേക്കും തെളിഞ്ഞു.

**ശശിയാണ് താരം, മാത്യുവും**

കാശിന്റെ കളികണ്ട് കണ്ണുമഞ്ഞളിച്ച പല ചങ്ങാതിമാരും മൂന്നാം സീസൺ കഴിഞ്ഞപ്പോഴേക്കും ടീമുണ്ടാക്കാനായി മുന്നിട്ടിറങ്ങി. കേരളത്തിനും ഒരു ടീം വേണമെന്ന ലക്ഷ്യവുമായി പുത്തൻ വികസനസ്വപ്നങ്ങളുടെ തിളങ്ങുന്ന മുഖത്തിന്റെ ഭാരവുമായി മുൻ കേന്ദ്രമന്ത്രി ശശിതരൂരും രംഗത്തിറങ്ങി. കൊക്കകോളയോടുള്ള കൂറ് പ്രഖ്യാപിച്ച് കൈപൊള്ളിയെങ്കിലും കേരളത്തിലേക്ക് വികസനമെത്തിക്കേണ്ട വഴി ഇതൊക്കെയാണെന്ന് കന്നുകാലി ക്ലാസിലൊന്നും യാത്രചെയ്യാത്ത ഈ അഭിനവ മാനവന് നന്നായറിയാം. മൾട്ടിനാഷണൽ കോർപ്പറേറ്റുകളുമായും ബിസിനസ് ടൈക്കൂണുകളുമായും നല്ല ബന്ധമുള്ളതിനാൽ കേരളത്തിന് ഒരു ടീമുണ്ടാക്കാൻ തരൂരിന് പ്രയാസമുണ്ടായില്ല. എന്നാലും ഇന്ത്യയിലെ മറ്റ് പല നഗരങ്ങൾക്ക് വേണ്ടിയും നടന്ന ലോബീയിംഗുകളെ അതിജീവിച്ച് വളരെ ബുദ്ധിമുട്ടിയാണ് കൊച്ചിക്ക് ടീം സാധ്യമാക്കിയതെന്ന് പറഞ്ഞ് തരൂർ അഭിമാനം കൊണ്ടു. കൊച്ചി സിംഗപ്പൂരാകാൻ കാത്തിരിക്കുന്ന മലയാളികൾ പുളകംകൊണ്ടു. കൊച്ചി കണ്ടിട്ടുപോലുമില്ലാത്തവരുണ്ടാക്കിയ ടീം കേരളത്തിന്റെ സ്വന്തം ടീം തന്നെയാണെന്ന് മാധ്യമങ്ങൾ അഭിമാനപൂർവ്വം പറഞ്ഞു. കേരള ക്രിക്കറ്റും കളിക്കാരും ഉയരങ്ങളിലേക്ക് കുതിക്കുമെന്ന് പലരും സ്വപ്നം കണ്ടുതുടങ്ങി. (കളി തുടങ്ങിയപ്പോൾ അവസരം കിട്ടിയത് ശ്രീശാന്തിനും രഞ്ജി ക്യാപ്റ്റൻ റൈഫി വിൻസന്റ് ഗോമസിനും മാത്രം. ഇനി ആരൊക്കെ കളിക്കുമെന്ന് കണ്ടറിയണം).

കൊച്ചിക്ക് ടീം കിട്ടിയതോടെ ബി.സി.സി.ഐയിൽ വലിയ റോളൊന്നും ഇല്ലാതിരുന്ന കേരള ക്രിക്കറ്റ് അസോസിയേഷൻ ഉണർന്നു. രഞ്ജിടീമും കൊണ്ട് നടന്നാൽ ഉത്തരേന്ത്യൻ ലോബിക്കെതിരെ ഒരു കളിയും നടക്കില്ലെന്ന് നന്നായറിയാവുന്ന കേരള ക്രിക്കറ്റ് അസോസിയേഷൻ സെക്രട്ടറി ടി.സി. മാത്യു ആവേശപൂർവ്വം ഐ.പി.എൽ ടീമിനൊപ്പം ചേർന്നു.

അപ്പോഴാണ് ഐ.പി.എല്ലിന് പറ്റിയ സ്റ്റേഡിയം കൊച്ചിയിൽ ഇല്ല എന്ന തിരിച്ചറിവിൽ ടി.സി. മാത്യു എത്തിയത്. കലൂരിലെ ഇന്റർനാഷണൽ സ്റ്റേഡിയം കളിനടത്താൻ അത്ര പോരാ എന്നായിരുന്നു അദ്ദേഹത്തിന്റെ വാദം. (ഇപ്പോൾ അവിടെ സുഗമമായി കളി നടക്കുന്നുണ്ട്). കലൂർ സ്റ്റേഡിയം ടെലിവിഷൻ മെഗാ ഷോകൾക്ക് സ്ഥിരമായി വാടകയ്ക്ക് കൊടുത്ത് നശിപ്പിച്ച് കളഞ്ഞതിലൊന്നും അദ്ദേഹത്തിന് പരാതിയില്ല. പുതിയ സ്റ്റേഡിയം വേണം. അതിനായി സ്ഥലം കണ്ടെത്തിയതോ, ഇടക്കൊച്ചിയിൽ കണ്ടൽച്ചെടികൾ നിറഞ്ഞ ജൈവസമ്പന്നമായ കായൽത്തടം. സ്ഥലം വാങ്ങാൻ സർക്കാറിന്റെ നിയന്ത്രണമൊന്നുമില്ലാത്ത കേരള ക്രിക്കറ്റ് അസോസിയേഷന് കോടിക്കണക്കിന് രൂപയുടെ സ്റ്റാമ്പ് ഡ്യൂട്ടി സർക്കാർ ഇളവ് നൽകുകയും ചെയ്തു. എന്നാൽ കണ്ടലുകൾ വെട്ടിമാറ്റി, നെൽപ്പാടങ്ങൾ മണ്ണിട്ട് നികത്തി സ്റ്റേഡിയം പണിയാനുള്ള ടി.സി. മാത്യുവിന്റെ സ്വപ്നം പരിസ്ഥിതി പ്രവർത്തകരുടെ എതിർപ്പും പരിസ്ഥിതി മന്ത്രാലയത്തിന്റെ ഇടപെടലും കാരണം യാഥാർത്ഥ്യമായില്ല. വികസനത്തിന് എതിര് നിൽക്കുന്നു എന്ന് പറഞ്ഞ് മനോരമയെ കൂട്ടുപിടിച്ച് ഇടക്കൊച്ചിക്കാരെ ഇളക്കിവിടാ

നുള്ള ഇഷ്ടന്റെ ശ്രമവും പരാജയപ്പെട്ടു. പരിസ്ഥിതിപ്രവർത്തകരെ കണ്ടാൽ അദ്ദേഹം ഇപ്പോൾ ശ്രീശാന്തായി മാറും.

കേരളടീമിന്റെയും കലൂർ സ്റ്റേഡിയത്തിന്റെയും ഒരുക്കങ്ങൾ മാധ്യമങ്ങളിൽ ഫോളോഅപ് വാർത്തകളായി നിറഞ്ഞുകൊണ്ടിരുന്നപ്പോഴും ഇടക്കൊച്ചിയിലെ സ്ഥലം സ്റ്റേഡിയത്തിന് പറ്റിയതാണെന്നോ, സ്വകാര്യ സ്ഥാപനമായ കേരള ക്രിക്കറ്റ് അസോസിയേഷന് സ്റ്റാമ്പ് ഡ്യൂട്ടി ഇളവ് നൽകിയത് എന്തിനാണെന്നോ അന്വേഷിക്കാൻ ആരും തയ്യാറായില്ല. സ്റ്റേഡിയം വന്നില്ലെങ്കിലും ടി.സി. മാത്യുവിന് തൃപ്തിപ്പെടാം.

**സാമ്പത്തിക, സാമൂഹിക വശങ്ങൾ**

ഐ.പി.എല്ലിന്റെ മുഖ്യ സ്പോൺസറായ ഡി.എൽ.എഫ് എന്ന റിയൽഎസ്റ്റേറ്റ് കമ്പനി മൂന്ന് വർഷത്തേക്കുള്ള കരാറിനായി മുടക്കിയത് 50 മില്യൺ യു.എസ് ഡോളർ. 26.5 മില്യൺ യു.എസ് ഡോളർ മുടക്കിയ കിംഗ്ഫിഷർ എയർലൈൻസ്, 22.5 മില്യൺ യു.എസ് ഡോളർ മുടക്കിയ ഹീറോ ഹോണ്ട, 12.5 മില്യൺ യു.എസ് ഡോളർ മുടക്കിയ പെപ്സികോ എന്നിവരാണ് മറ്റ് സ്പോൺസർമാർ. ഇത്രത്തോളമില്ലെങ്കിലും കോടികൾ മുടക്കിയ പങ്കുപറ്റുകാർ നിരവധി വേറെയുമുണ്ട്. 8,700 കോടി രൂപയ്ക്കാണ് സോണി ടി.വി ഐ.പി.എൽ സംപ്രേക്ഷണം ചെയ്യാനുള്ള അവകാശം നേടിയെടുത്തത്. താരങ്ങളെ ലേലത്തിലെടുക്കുന്നതിനായി മാത്രം ടീമുകൾ മുടക്കുന്നത് 100 കോടിയിൽ അധികം രൂപ. വില കൂടിയ ഒരു താരത്തിനെ കിട്ടാൻ കൊടുക്കേണ്ടി വരുന്നത് 15 കോടിയോളം രൂപ. ഈ പണമെല്ലാം എവിടെ നിന്നാണ് എത്തുന്നത്, എവിടേക്കാണ് പോകുന്നത് എന്ന് അന്വേഷിക്കാൻ ആരും തയ്യാറാകുന്നില്ല. ലളിത് മോഡിക്കെതിരെ ഉണ്ടായ ആരോപണങ്ങളെ തുടർന്ന് ഇൻകംടാക്സ് ഡിപ്പാർട്ട്മെന്റ് പല തിരിമറികളും കണ്ടെത്തിയെങ്കിലും തുടർ നടപടികളൊന്നുമുണ്ടായില്ല. കണക്കിൽ വരുന്ന പണത്തിന് പുറമെ കോടികളുടെ വാതുവയ്പ്പാണ് ഓരോ കളിയുടെയും പിന്നിൽ നടക്കുന്നത്. അഴിമതിയുടെ കാര്യത്തിൽ കോടിക്കപ്പുറത്തേക്കുള്ള ഒരു സംഖ്യ



**മൾട്ടിനാഷണൽ കോർപ്പറേറ്റുകളുമായും ബിസിനസ് ടൈക്കൂണുകളുമായും നല്ല ബന്ധമുള്ളതിനാൽ കേരളത്തിന് ഒരു ടീമുണ്ടാക്കാൻ തരൂരിന് പ്രയാസമുണ്ടായില്ല. എന്നാലും ഇന്ത്യയിലെ മറ്റ് പല നഗരങ്ങൾക്ക് വേണ്ടിയും നടന്ന ലോബീയിംഗുകളെ അതിജീവിച്ച് വളരെ ബുദ്ധിമുട്ടിയാണ് കൊച്ചിക്ക് ടീം സാധ്യമാക്കിയതെന്ന് പറഞ്ഞ് തരൂർ അഭിമാനം കൊണ്ടു**

കണ്ടെത്താൻ പരിശ്രമിക്കുന്ന രാഷ്ട്രീയക്കാരുള്ള നാട്ടിൽ ഇതൊരു പുതുമയല്ലെങ്കിലും ക്രിക്കറ്റിന്റെ പേരിൽ നടക്കുന്ന ഈ കൊള്ള ക്രിക്കറ്റ്ജ്വരം ബാധിച്ച ആരാധകർ തിരിച്ചറിയണം.

ഇതു കൂടിയറിയണം. കോടികൾ മറിക്കാൻ കഴിവുണ്ടെങ്കിലും നികുതിയിൽ വൻ ഇളവാണ് ഐ.പി.എല്ലിനായി സർക്കാറുകൾ നൽക്കൊണ്ടിരിക്കുന്നത്. ഇളവ് നൽകാത്തവരെ ഭീഷണിപ്പെടുത്താൻ പോലുമുള്ള അധികാരം ടീമുകൾ നേടിക്കഴിഞ്ഞു. കൊച്ചിടീമിന് 50 ശതമാനം വിനോദനികുതി ഇളവാണ് കോർപ്പറേഷൻ നൽകിയിരിക്കുന്നത്. ആദ്യമത്സരത്തിൽ വിറ്റുപോയ ടിക്കറ്റുകളുടെയും ബാക്കിവന്നവയുടെയും കണക്കുകൾ കോർപ്പറേഷനിൽ കാണിക്കാൻ ഐ.പി.എൽ അധികൃതർ മടികാണിച്ചു. ഇത്തരം നടപടികളുണ്ടായാൽ വിനോദനികുതി പൂർണ്ണമായും ഇളവ് ചെയ്തുതരാം എന്ന് പറയുന്ന അഹമ്മദാബാദിലേക്ക് കൊച്ചി ടീം പറിച്ചുമാറ്റേണ്ടിവരും എന്നായിരുന്നു ഐ.പി.എൽ അധികൃതരുടെ പ്രതികരണം. നമ്മുടെ പണമെടുത്താണ് ഈ ഇടപാടുകളെല്ലാം നടത്തുന്നതെന്ന് അറിയാൻ ജനം താത്പര്യം കാണിക്കുന്നതേയില്ല. കോടികൾ കടമുള്ള ബഡ്ജറ്റ് അവതരിപ്പിക്കുന്ന, ഖജനാവ് കാലിയാണെന്ന് ഇടയ്ക്കിടെ പറയുന്ന, കർഷകരുടെ സബ്സിഡികൾ വെട്ടിക്കുറയ്ക്കുന്ന സർക്കാറുകൾ തന്നെയാണ് ഐ.പി.എല്ലിന് നികുതി ഇളവുകൾ നൽകുന്നത്. ആദർശം വിളിച്ചുപറയുന്ന രാഷ്ട്രീയ നേതാക്കളാരും ഇക്കാര്യത്തിൽ ഒരന്വേഷണവും ഇതുവരെ ആവശ്യപ്പെട്ടിട്ടില്ല. ലോകത്തിലെ എണ്ണപ്പെട്ട സമ്പന്നന്മാർ നടത്തുന്ന ഇടപാടിൽ ബി.സി.സി.ഐ പോലെയുള്ള ഒരു കമ്പനി ഇടപെടുന്നതും ചോദ്യംചെയ്യപ്പെടുന്നില്ല.

ആഗോളതാപനത്തിൽ നിന്നും ഭൂമി സംരക്ഷിക്കാനായി, ഒരു മണിക്കൂർ നേരം വൈദ്യുതി നിർത്തിവച്ച് എർത്ത് അവർ പോലെയുള്ള പരിപാടികൾ നടത്തുന്നത് ഇന്ന് കേരളത്തിലും ഒരു ഫാഷനായി മാറിയിരിക്കുകയാണ്. എർത്ത് അവർ ആചരിക്കുന്ന നഗരവാസികളുടെ നടുവിൽ തന്നെയാണ് തിളച്ചുമറിയുന്ന ഫ്ളഡ്‌ലൈറ്റുകളുടെ താഴെ ഐ.പി.എൽ നടക്കുന്നത്. ഭൂമി സംരക്ഷിക്കാൻ ലൈറ്റണച്ചവരാരും ഇവർക്കിത് പകൽ കളിച്ചാലെന്താ എന്ന് ചോദിക്കാൻ മുതിർന്നില്ല. പ്രതികരിക്കുക എന്നത് എർത്ത് അവർ എന്ന് പറയുന്നതുപോലെ ഫാഷനബിൾ അല്ലല്ലോ? നാലഞ്ച് സ്റ്റേഡിയങ്ങളുള്ള മഹാരാഷ്ട്രയിൽ രാത്രിയെ പകലാക്കി ഐ.പി.എൽ അരങ്ങ് തകർക്കുമ്പോൾ വിദർഭ പ്രദേശത്ത് 12 മുതൽ 15 മണിക്കൂർ വരെയാണ് പവർകട്ട്. ആരാധകരോടൊപ്പം ക്രിക്കറ്റ് ഫൈനൽ കാണാനായി മുടക്കുന്ന സമയം ഈ യാഥാർത്ഥ്യങ്ങൾ തിരിച്ചറിയാൻ കൂടി സോണിയ-രാഹുൽജീകൾ നൽകണം. കേരളത്തിന് രക്ഷയില്ല, മാർക്സിറ്റുകാർക്ക് പണ്ടേ ക്രിക്കറ്റ് ഹറാമായതിനാൽ പെൺവാണിഭക്കാരെ ജയിലിലടയ്ക്കാൻ മാത്രമാണ് അവർക്ക്

താത്പര്യം.

നഗരകേന്ദ്രീകൃതമായി രൂപീകരിക്കപ്പെടുന്ന ഐ.പി.എൽ ടീമുകൾ നഗരകേന്ദ്രീകൃതമായ ഒരു സമ്പദ്വ്യവസ്ഥയേയും വരേണ്യവികസനത്തേയുമാണ് പ്രോത്സാഹിപ്പിക്കുന്നത് എന്നതും സാമൂഹിക പ്രശ്നങ്ങൾക്ക് കാരണമാകുന്നു. ഐ.പി.എല്ലിൽ ഒഴുകിയെത്തുന്ന പണം സാമൂഹികാസമത്വങ്ങളെ വിപുലീകരിക്കുകയും വിപണിക്ക് അധാർമ്മികമായ ഇടപെടലുകൾ നടത്താനുള്ള അവസരമൊരുക്കുകയും ചെയ്യുന്നു. പവർബ്രോക്കർമാരായ രാഷ്ട്രീയ-മാഫിയ-മാധ്യമ കൂട്ടുകെട്ട് പുതിയ അത്താണിയായി ഐ.പി.എല്ലിനെ ആശ്രയിക്കുന്നതോടെ മറുശബ്ദങ്ങൾക്ക് മുഖ്യധാരയിൽ ഇടം നഷ്ടമാവുകയും ചെയ്യും.

**പാവം ക്രിക്കറ്റ്– ക്രിക്കറ്റ് പ്രേമി**

ക്രിക്കറ്റുതന്നെ ക്രിക്കറ്റിന്റെ അന്ത്യം കുറിച്ചുകൊണ്ടിരിക്കുകയാണ്. ഐ.പി.എൽ നിഷ്കാസിതമാക്കിയത് ക്ലാസിക് ക്രിക്കറ്റിനേയും കളിയെ കളിയായി കണ്ടിരുന്ന കുറേ കാണികളേയുമാണ്. ജനപ്രിയമായതിനൊന്നും ഇന്ത്യൻ മാർക്കറ്റിന്റെ സമ്മർദ്ദങ്ങളെ അതിജീവിക്കാൻ കഴിഞ്ഞില്ല എന്ന ചരിത്രദുരന്തം ക്രിക്കറ്റിനെയും പിടികൂടി. കച്ചവടസിനിമയും മുഖ്യധാരാ രാഷ്ട്രീയവും പോലെ ഒരു മസാല ക്കൂട്ട് മാത്രമായി ക്രിക്കറ്റ് പരിണമിച്ചു. ടെസ്റ്റ് മത്സരം കാണാൻ ആളില്ലാതായി എന്നതിനേക്കാൾ ടെസ്റ്റ് കാണാൻ ആളെ ഇല്ലാതാക്കിത്തീർത്തു എന്നതാണ് സംഭവിച്ചത്. ക്ലാസിക് ക്രിക്കറ്റിന്റെ സ്വഭാവം വിപണിയുടെ താത്പര്യങ്ങൾക്ക് വഴങ്ങാത്തതുകൊണ്ട് ടെസ്റ്റിനെ ഒഴിവാക്കി കാർണിവൽ നടത്താൻ ഉതകുന്ന തരത്തിലുള്ള ട്വന്റി ട്വന്റിയെയാണ് മാർക്കറ്റ് പ്രോത്സാഹിപ്പിക്കുന്നത്. സവിശേഷമായ ശൈലികളുള്ള കളിക്കാർ കൂടി ഈ കച്ചവടത്തിന് കൂട്ടുനിന്ന് ക്രിക്കറ്റിനെ ഒറ്റിക്കൊടുക്കുന്നതാണ് അതിലും വലിയ ക്രൂരത.

ക്രിക്കറ്റിനെ ഒരു കളിയെന്ന തരത്തിൽ കാണുന്നവരല്ല ഐ.പി.എൽ കാണികളിൽ ഏറെയും. ക്രിക്കറ്റിനെ കാർണിവലിന്റെ രൂപത്തിലേക്ക് പരുവപ്പെടുത്തിയെടുക്കുന്ന ദൃശ്യസംവിധാനങ്ങൾ സൃഷ്ടിക്കുന്ന അബോധത്തിൽ നിന്നാണ് ഐ.പി.എൽ കാണികൾ കളികാണുന്നത്. അവർ ക്രിക്കറ്റല്ല, ഐ.പി.എൽ മാത്രമാണ് കാണുന്നത്. ക്ലാസിക് ക്രിക്കറ്റിന്റെ ശില്പസൗന്ദര്യം ആസ്വദിക്കാൻ അവരിൽ ബഹുഭൂരിപക്ഷത്തിനേയും കിട്ടില്ല. ക്രിക്കറ്റിനെ കൊന്നുകൊണ്ടുള്ള കച്ചവടകളി അപകടകരമായ വിധം ആരാധകരിലും കളിക്കാരിലും വേരൂന്നുന്നതിന്റെ ലക്ഷണങ്ങളാണ് ഐ.പി.എൽ മത്സരങ്ങളിൽ പ്രകടമാകുന്നത്. കാമ്പുള്ള ഒരു ക്രിക്കറ്റ് മത്സരം കാണാൻ ഇനി കഴിയാതെ പോകുമോ? 2000ൽ ഈഡൻഗാർഡനിൽ നടന്ന ഇന്ത്യ ആസ്ട്രേലിയ ടെസ്റ്റ് മത്സരത്തിൽ മഗ്രാത്തിന്റെയും ഷെയിൻ വോണിന്റെയും തീപന്തുകൾ മനോഹരമായ കവർഡ്രൈവുകളിലൂടെ അതിർത്തി കടത്തിക്കൊണ്ട് വി.വി.എസ്. ലക്ഷ്മൺ കാണിച്ചുതന്ന ക്രിക്കറ്റിന്റെ സൗന്ദര്യം ഐ.പി.എല്ലിന് ഒരുകാലത്തും നുകരാൻ കഴിയില്ലെന്ന് തിരിച്ചറിയുന്ന കാണികൾ പ്രതികരിക്കുക. സ്വത്വം മറന്ന് കച്ചവടത്തിന്റെ രൂപത്തിൽ ക്രിക്കറ്റിന് നില നിൽക്കാനാകില്ലെന്ന് നിങ്ങൾ ഐ.പി.എൽ കച്ചവടക്കാരോടും കളിക്കാരോടും തുറന്ന് പറയേണ്ടിയിരിക്കുന്നു. ഇതെല്ലാം മറന്ന് കൂട്ടത്തോടെ ഐ.പി.എൽ കാണാൻ തയ്യാറായിരിക്കുന്ന സമൂഹത്തിൽ ക്രിക്കറ്റിനല്ല ഒരു കളിക്കും സാധ്യതയില്ല.

# പരിസ്ഥിതി ദുർബലപ്രദേശത്ത് ക്രിക്കറ്റ് സ്റ്റേഡിയം വേണ്ട

**ഡോ. സി.എം. ജോയി**

കേരള ക്രിക്കറ്റ് അസോസിയേഷൻ ഇടക്കൊച്ചി പാമ്പായി മൂലയ്ക്കടുത്ത് വാങ്ങിയിട്ടുള്ള സ്ഥിരം തീരദേശസംരക്ഷണനിയമമനുസരിച്ചുള്ള പ്രദേശത്താണ് സ്ഥിതിചെയ്യുന്നതെന്ന് കേരളഹൈക്കോടതി വിധിച്ചു. ഇവിടെ നിർമ്മാണ പ്രവർത്തനങ്ങളോ വികസനപ്രവർത്തനങ്ങളോ നടത്താൻ നിയമം അനുവദിക്കുന്നില്ല. ക്രിക്കറ്റ് അസോസിയേഷൻ കൈവശപ്പെടുത്തിയ, കണ്ടൽതുരുത്തുകൾ നിറഞ്ഞ ഈ 23 ഏക്കർ സ്ഥലം കേന്ദ്രസർക്കാർ നിയമപ്രകാരം സംരക്ഷിക്കപ്പെടേണ്ട മേഖലയാണ്. കണ്ടലുകളുടെയും ചെമ്മീൻ, ഞണ്ട് കക്ക, ഞവുനിക്ക, പാമ്പുകൾ തുടങ്ങിയവയുടെ ആവാസസ്ഥാനം കൂടിയാണ് ഇവിടം. പ്രതിദിനം രണ്ടുതവണ വേലിയേറ്റവും വേലിയിറക്കവും ഇവിടെ അനുഭവപ്പെടുന്നു. ആവാസവ്യവസ്ഥയുടെ സന്തുലിതാവസ്ഥ നിലനിർത്തുന്ന ഈ പ്രദേശം പൂർണ്ണമായും ഒരു പരിസ്ഥിതി ദുർബലപ്രദേശമാണ്. കേരള ക്രിക്കറ്റ് അസോസിയേഷന് സ്ഥലം വാങ്ങുവാൻ രണ്ടര കോടിയിലധികം രൂപയാണ് സർക്കാർ ഖജനാവിൽ നിന്നും നഷ്ടപ്പെടുത്തിയത്. ശതകോടികളുടെ ഈ പദ്ധതി തികച്ചും നിയമവിധേയമായാണ് നടപ്പിലാക്കുവാൻ തുനിഞ്ഞതെന്നാണ് ക്രിക്കറ്റ് അസോസിയേഷൻ അവകാശപ്പെടുന്നു. അതിനെതിരെയാണ് പരിസ്ഥിതി പ്രവർത്തകർ കോടതിയെ സമീപിച്ചത്. കേരള സംസ്ഥാന ജൈവ വൈവിദ്ധ്യനിയമം, ഭൂവിനിയോഗനിയമം, വനസംരക്ഷണനിയമം, നെൽവയൽ നീർത്തട സംരക്ഷണനിയമം, തീരദേശസംരക്ഷണനിയമം, കണ്ടൽകാട് സംരക്ഷണനിയമം, റാംസർ കരാർ തുടങ്ങിയ ഒട്ടനവധി നിയമ നിഷേധങ്ങളായിരിക്കും ഇടക്കൊച്ചി ക്രിക്കറ്റ് സ്റ്റേഡിയം പണിതാൽ സംഭവിക്കുക. ഇത്രയേറെ പരിസ്ഥിതി പ്രാധാന്യമുള്ള സ്ഥലത്തിനു പകരം എറണാകുളം ജില്ലയിൽ തന്നെ ക്രിക്കറ്റ് അസോസിയേഷന് സ്ഥലങ്ങൾ ലഭ്യമാണെന്നിരിക്കേ പരിസ്ഥിതിയെയും നിയമങ്ങളെയും കണ്ടൽകാടുകളെയും പാടങ്ങളെയും നശിപ്പിച്ച് ക്രിക്കറ്റ് സ്റ്റിഡിയം പണിയുന്നതിനെയാണ് പരിസ്ഥിതി പ്രവർത്തർ എതിർക്കുന്നത്. അശാസ്ത്രീയമായവും നിയമവിരുദ്ധവുമായ സ്റ്റേഡിയം പണിയുന്നത് നിലവിലുള്ള നിയമങ്ങളെ നോക്കുകുത്തികളാക്കുന്നതിന് തുല്യമാണ് . വികസനം വേണം. അത് നിയമങ്ങൾ പാലിച്ചുകൊണ്ടും പരിസ്ഥിതിയെ സംരക്ഷിച്ചുകൊണ്ടുമാകണം. നിയമങ്ങൾ നടപ്പാക്കുവാൻ പ്രതിബദ്ധരായ സർക്കാർ നിയമങ്ങളിൽ ഇളവ് നൽകുന്നതും പരിസ്ഥിതിയെതകർക്കുന്നതും കുറ്റകരവും ദ്രോഹപരവുമാണ്. ഇടക്കൊച്ചി വികസിപ്പിക്കുവാൻ ക്രിക്കറ്റ് സ്റ്റേഡിയം തന്നെ വേണെമെന്ന് വാശി പിടിക്കുന്നതും നിരുത്തരവാദപരമായ സമീപനമാണ്.